മഹത്സേവാം ദ്വാരമാഹുർവ്വിമുക്തേസ്തമോദ്വാരം യോഷിതാം സംഗിസംഗം
മഹാന്തസ്തേ സമചിത്താ: പ്രശാന്താ വിമന്യവ: സുഹൃദ: സാധവോ യേ (5-5-2)
ഗുരുർന്ന സ സ്യാത്സ്വജനോ ന സ സ്യാത് പിതാ ന സ സ്യാജ്ജനനീ ന സാ സ്യാത്
ദൈവം ന തത്സ്യാന്ന പതിശ്ച സ സ്യാന്ന മോചയേദ്യ: സമുപേതമൃത്യും (5-5-18)

ഋഷഭദേവൻ പറഞ്ഞു: "ഈ മനുഷ്യജന്മം ഇന്ദ്രിയസുഖഭോഗത്തിൽ പാഴാക്കിക്കളയുവാനുള്ളതല്ല, മറിച്ച് പരമസത്യത്തെ സാക്ഷാത്ക്കരിക്കുവാനുള്ള തപശ്ചര്യകളിലേർപ്പെട്ട് വിനിയോഗിക്കേണ്ടതത്രെ. മഹത്തുക്കളെ ഉപചരിക്കുന്നത് മോക്ഷമാർഗ്ഗത്തിലേയ്ക്കുള്ള കവാടവും, സുഖലോലുപരുമയുള്ള സഹവാസം നരകത്തിൻെറ പടിവാതിലുമാവുന്നു. മഹത്തുക്കൾ ശാന്തശീലരും കരുണ നിറഞ്ഞവരും കോപമകന്നവരും ദിവ്യരുമാണല്ലോ, കാരണം അവരുടെ ഹൃദയങ്ങൾ പരിപൂർണ്ണമായി എന്നിലർപ്പിക്കപ്പെട്ടതത്രേ. അവർക്ക് സ്വാർത്ഥപരമായ ഉദ്ദേശം ഒന്നുംതന്നെയില്ല. അവരുടെ ശരീരം പോലും പരിരക്ഷിക്കപ്പെടുന്നത് എനിക്ക് വേണ്ടി മാത്രമാണ്.

സ്വാർത്ഥപരവും ഇന്ദ്രിയാമുഖവുമായ പ്രവർത്തനങ്ങൾ അജ്ഞാനത്തിലുഴറുന്ന ജീവനെ ബന്ധിക്കുന്നു. അജ്ഞാനത്താൽ ഒരുവൻ തൻെറ ശരീരത്തെ തൻെറ ആത്മാവായും ഭാര്യ, കുടുംബം എന്നിവയെ തൻെറ സ്വന്തമാണെന്നും തെറ്റിദ്ധരിക്കുന്നു. ഈ മാനസികാവസ്ഥയെ നീക്കം ചെയ്യുമ്പോൾ ഒരുവൻ ഇവയെപ്പറ്റിയുള്ള സത്യാവസ്ഥ മനസ്സിലാക്കുന്നു. അഹങ്കാരപാശത്തിൽ നിന്നും മോചിതനായി അവൻ പരമപദത്തെ പ്രാപിക്കുന്നു. ഭഗവാനെ പരമസത്യവും ലക്ഷ്യവുമായി കരുതി ജീവിതമെല്ലാം ദു:ഖപൂരിതമാണെന്ന സത്യം മനസ്സിലാക്കി ഉന്നതമായ ധാർമ്മികജീവിതം നയിച്ച് മനസ്സിനേയും ഇന്ദ്രിയങ്ങളേയും നിയന്ത്രിച്ച് ഇവയെ എല്ലാം നിതാന്തജാഗ്രതയോടെ പാലിച്ച് ഒരുവൻ തൻെറ അഹങ്കാരപാശത്തെ പൊട്ടിച്ചകറ്റാൻ പരിശ്രമിക്കേണ്ടതാണ്. ഇങ്ങിനെ കർമ്മഫലങ്ങളുടെ നിലവറ തകരുന്നു. അതിനുശേഷം ഈദൃശകർമ്മങ്ങൾ പോലും ഉപേക്ഷിക്കാവുന്നതാണ്. ഈ പരമസത്യത്തെ തൻെറ ആശ്രിതർക്കു മനസ്സിലാക്കിക്കൊടുക്കുക എന്നത് ഒരു ഗുരുവിൻേറയോ, പിതാവിൻേറയോ രാജാവിൻേറയൊ കടമയാണ്. പക്ഷേ അവരിൽ സമ്മർദ്ദം ചെലുത്തുകയോ, പക്വതയില്ലാത്തവരെങ്കിൽ അവരെ പഠിപ്പിക്കുവാൻ ശ്രമിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. അങ്ങിനെ മറ്റൊരുവനെ അജ്ഞാനാന്ധകാരത്തിൽ നിന്നും തജ്ജന്യമായ ജനനമരണങ്ങളിൽ നിന്നും മോചിപ്പിക്കുവാൻ പരിശ്രമിക്കാത്ത ഒരുവൻ ഗുരുവോ, ബന്ധുവോ, മിത്രമോ, അഛനോ, അമ്മയോ, ദേവതയോ ഭർത്താവോ അല്ല തന്നെ. പരിശുദ്ധമനസ്സോടെ സർവ്വചരാചരങ്ങളും എൻെറ തന്നെ ഭാഗമെന്നു വിശ്വസിച്ച് ജീവിക്കുകയാണ് എന്നോടുള്ള ഏറ്റവും ഉത്തമമായ സാധന. നിങ്ങളുടെ മൂത്ത സഹോദരനായ ഭരതനെ ഭക്തിയോടെ സേവിച്ചാലും. ഉത്തമനാണവൻ."

ശുകമുനി തുടർന്നു: തൻെറ പുത്രന്മാരേയും തദ്വാരാ പ്രജകളേയും സത്യമാർഗ്ഗത്തെപ്പറ്റി പഠിപ്പിച്ചശേഷം ഋഷഭൻ രാജ്യഭാരംവിട്ട് ഗൃഹസ്ഥാശ്രമവും അവസാനിപ്പിച്ച് നാടുമുഴുവൻ അലഞ്ഞുനടന്നു. വേഷപ്രഛന്നനായും, നഗ്നനായും, ബാധാവേശം വന്നവനേപ്പോലെയും അദ്ദേഹം ഒരവധൂതനായങ്ങിനെ നടന്നു. ആളുകളുടെ പ്രതികരണം പലേവിധത്തിലായിരുന്നു. സുന്ദരമായ ആ രൂപം സ്ത്രീകളെ ആകർഷിച്ചു, മറ്റുചിലർക്ക് വെറുപ്പുണ്ടാക്കി. അദ്ദേഹത്തിൻെറ പെരുമാറ്റം ആത്മസാക്ഷാൽക്കാരത്തിൻെറ മഹിമയെ വെളിവാക്കുന്ന വിധത്തിലായിരുന്നില്ല. അതുകൊണ്ടുതന്നെ പലരും വെറുപ്പോടേയും അവജ്ഞയോടേയും അദ്ദേഹത്തെ വീക്ഷിച്ചു. ഇതൊക്കെയാണെങ്കിലും ജനത്തിൻെറ പ്രതികരണം തൻെറ ശരീരത്തോടു മാത്രമാണെന്നറിയാവുന്ന ഋഷഭന് യാതൊരു കുലുക്കവുമുണ്ടായില്ല. ആത്മഭാവത്തിൽ ഉറച്ചുനിന്നു കൊണ്ടുതന്നെ സ്വയം ഒരു കാളയായും, മാനായും, കാക്കയായും, പിന്നീടൊരു പെരുമ്പാമ്പായും ശരീരം സ്വീകരിച്ചു. അദ്ദേഹം സാക്ഷാൽകാരം നേടുന്ന ഒരു യോഗിവര്യൻെറ വിവിധ ജീവിതാവസ്ഥകളെ നമുക്കു കാണിച്ചു തന്നു. അദ്ദേഹം ഭഗവാൻ വാസുദേവനുമായി നിരന്തരം അദ്വൈതഭാവത്തിൽ കഴിയുകയാൽ അതിഭൗതീക ശക്തികൾ തന്നെത്തേടിവരുന്നതുപോലും ശ്രദ്ധിക്കുകയുണ്ടായില്ല.